## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)

തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിൽ 1990 ൽ കേരള സർക്കാർ രൂപം നൽകിയ സ്വയം ഭരണ സ്ഥാപനമാണ് കില'. തൃശൂർ-ഷൊർണൂർ റോഡിൽ, നഗരത്തിൽ നിന്ന് 12 കിലോ മീറ്റർ മാറി മുളങ്കുന്നത്തുകാവിലാണ് കില' യുടെ ആസ്ഥാനം. ശാന്ത സുന്ദരമായ ഗ്രാമീണാന്തരീക്ഷം, നയനാനന്ദകരമായ ഉദ്യാനങ്ങൾ, പഠനത്തിനും പരിശീലനത്തിനും അനുയോജ്യമായ കെട്ടിട സമുച്ചയം, നിലവാരം പുലർത്തുന്ന അതിഥി മന്ദിരങ്ങൾ, ചെറുതും വലുതുമായ സമ്മേളനങ്ങൾക്ക് സൗകര്യമുള്ള കോൺഫറൻസ് ഹാളുകൾ, വിജ്ഞാനത്തിന്റെ കലവറയായ ഗ്രന്ഥാലയം, അറിവും കാര്യശേഷിയും വളർത്തിയെടുക്കാൻ താല്പര്യമുള്ള ഓരോരുത്തരേയും അതിന് സുസജ്ജമാക്കുന്ന സംവിധാനങ്ങൾ എന്നിവ ഒത്തിണങ്ങിയതാണ് കില' കാമ്പസ്.

ഉയർന്ന വിദ്യാഭ്യാസയോഗ്യതയും നീണ്ടകാലത്തെ പ്രവൃത്തി പരിചയവും ഉള്ള ഫാക്കൽറ്റി അംഗങ്ങൾ പരിശീലനത്തിന് നേതൃത്വം നല്കുന്നു. വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച ഗസ്റ്റ് ഫാക്കൽറ്റി അംഗങ്ങൾ ഓരോ പരിശീലന പരിപാടിയും സമ്പുഷ്ടമാക്കുന്നു. പ്രാദേശിക ഭരണ നിർവ്വഹണം സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കുന്നതിന് കില'യിൽ ഹെൽപ്പ് ഡെസ്ക്ക് സംവിധാനമുണ്ട്.

കേരളത്തിലെ പ്രാദേശിക ഭരണം കാര്യക്ഷമവും സുഗമവും ആക്കുന്നതിനുള്ള പരിശീലനം, പഠനം, ഗവേഷണം, വിജ്ഞാനവ്യാപനം എന്നിവയാണ് കില'യുടെ മുഖ്യ കർമ്മ മേഖലകൾ. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ തുടങ്ങിയവരെ അതിനു സജ്ജരാക്കുന്നതിന് വിവിധ പരിശീലനപരിപാടികൾ കില' ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു. തുടർച്ചയായ ദേശീയ-അന്തർദേശീയ പരിശീലനകോഴ്സുകൾ വഴി ആഴത്തിലുള്ള പഠന-ഗവേഷണങ്ങൾക്ക് കില വേദിയൊരുക്കുന്നു. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലേയും, ശ്രീലങ്ക, പാകിസ്ഥാൻ, ബംഗ്ലാദേശ്, നേപ്പാൾ, ഭൂട്ടാൻഎന്നീ രാജ്യങ്ങളിലേയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും സാമൂഹിക പ്രവർത്തകരുടെയും പരിശീലനക്കളരി കൂടിയാണ് കില'. ഇതിനുവേണ്ടി കിലയിൽ സൗത്ത് ഏഷ്യൻ സ്കൂൾ ഓഫ് ലോക്കൽ ഗവേർണൻസ് സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

പ്രാദേശിക ഭരണം സംബന്ധിച്ചുള്ള പുസ്തകങ്ങൾ, മാർഗ്ഗരേഖകൾ, പഠനസഹായി എന്നിവയും 'കില' പ്രസിദ്ധീകരിക്കുന്നു. അന്താരാഷ്ട്ര നിലവാരം പുലർത്തുന്ന ഒരു അർദ്ധവാർഷിക മാസികയും - കില ജേർണൽ ഓഫ് ലോക്കൽ ഗവേർണൻസ്' - 'കില' പ്രസിദ്ധീകരിക്കുന്നു.



**Kerala Institute of Local Administration (KILA)**
Mulamkunnathukavu. P.O., Thrissur - 680 581
Phone: +1 487 2201312, 2201768, 2201061, 2200244
Fax: +91 487 2201062, email:mail@kilaonline.org
Website:www.kilaonline.org

# പഞ്ചായത്തിൽ നിന്ന് പഞ്ചായത്തിലേക്ക്

## മാതൃകാ പഞ്ചായത്തുകളിലേക്കുള്ള പഠനസന്ദർശനം





കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

കേരളത്തിലെ അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങളിലൂടെ ഒട്ടേറെ വികസന മാതൃകകൾ സൃഷ്ടിച്ചിട്ടുണ്ട്. ഉൽപാദന, സേവന, പശ്ചാത്തല മേഖലകളിൽ പഞ്ചായത്തുകൾ നടപ്പിലാക്കിയിട്ടുള്ള നൂതന പദ്ധതികൾ ഇതര പഞ്ചായത്തുകൾക്ക് മാതൃകയാണ്. ഇത്തരത്തിൽ മാതൃകാപരമായ പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ള പഞ്ചായത്തുകളിലെ നേർക്കാഴ്ചകളിലേക്ക് 'കില' സന്ദർശന പരിപാടി സംഘടിപ്പിക്കുന്നു. 'കാര്യങ്ങൾ കണ്ട് പഠിക്കുക' എന്ന തത്വത്തിലധിഷ്ഠിതമായ പഞ്ചായത്തിൽ നിന്ന് പഞ്ചായത്തിലേക്ക്'എന്ന പഠനസന്ദർശന പരിപാടിയിൽ പങ്കെടുത്ത് മാതൃകകൾ അനുകരിക്കാൻ താൽപര്യമുള്ള പഞ്ചായത്തുകളിൽ നിന്ന് 'കില' അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷാഫോറം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. സന്ദർശനത്തിൽ നിന്നും ഗ്രഹിച്ച കാര്യങ്ങൾ ഉൾപ്പെടുത്തി ഒരു കർമ്മപരിപാടി തയ്യാറാക്കി, അവ അടുത്ത വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ താൽപര്യവും സന്നദ്ധതയും ഉള്ള പഞ്ചായത്തുകളാണ് അപേക്ഷിക്കേണ്ടത്.

**ലക്ഷ്യം**

പഠന സന്ദർശന പരിപാടിയിൽ പങ്കെടുത്ത് വ്യത്യസ്ത മേഖലകളിലെ വികസനമാതൃകകൾ അനുകരിക്കുന്നതിനുള്ള അറിവും വൈദഗ്ധ്യവും പരിശീലന പങ്കാളികൾക്ക് പകർന്നു നൽകുക.

| | |
|---|---|
| പരിശീലന പങ്കാളികൾ | ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ1 |
| പരിശീലന ദൈർഘ്യം | 3 ദിവസം |
| പഠന സന്ദർശന പരിപാടി നടക്കുന്ന ഏകദേശ കാലയളവ് | 2013 സെപ്തംബർ, ഒക്ടോബർ, നവംബർ |
| പരിശീലനവേദി | മാതൃകാ ഗ്രാമപഞ്ചായത്തുകൾ |

സസ്നേഹം

**ഡോ. പി.പി. ബാലൻ**
ഡയറക്ടർ

**നിബന്ധന**

പഠന സന്ദർശന പരിപാടിയുടെ ഭാഗമായി തയ്യാറാക്കുന്ന കർമ്മപരിപാടി പരിശീലന പങ്കാളികൾ അവരവരുടെ പഞ്ചായത്തിൽ സമയബന്ധിതമായി നടപ്പിലാക്കൻ പ്രയത്നിക്കേണ്ടവരാണ്. ക്ഷണിക്കപ്പെടുന്ന ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഒരുമിച്ച് വേണം പഠന സന്ദർശനത്തിൽ പങ്കെടുക്കുവാൻ

**അയക്കേണ്ട മേൽവിലാസം:**

ഡെപ്യൂട്ടി ഡയറക്ടർ (ട്രെയിനിംഗ്)
'പഠന സന്ദർശനപരിപാടി'
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
മുളങ്കുന്നത്ത്കാവ് പി.ഒ, തൃശ്ശൂർ 680 581
ഫോൺ : 0487 2200244. Ext. 202
മൊബൈൽ : 8129458008

**അപേക്ഷ ലഭിയ്ക്കേണ്ട അവസാനദിവസം : 2013 ആഗസ്റ്റ് 16**

**കൂടുതൽ വിവരങ്ങൾക്ക്**

| | |
|---|---|
| ഡോ. ജെ.ബി രാജൻ | ഹെൽപ്പ് ഡസ്ക്ക് |
| കോഴ്സ് ഡയറക്ടർ | 'കില', തൃശൂർ |
| ഫോൺ - 0487 2200244. Ext. 604 | ഫോൺ - 0487 2204097 |
| ഇ-മെയിൽ - jbrajan07@gmail.com | ഇ-മെയിൽ - helpdesk@yahoo.com |

**കില, മുളങ്കുന്നത്തുകാവ്, പി.ഒ., തൃശ്ശൂർ - 680 581**